സ്ഥാപനങ്ങൾ കൈക്കൊള്ളേണ്ടതാണ്.

15. ശാസ്ത്രീയമായ മാലിന്യ നിർമ്മാർജ്ജനവും, പരിപാലന മില്ലാതെ കാടു പിടിച്ച തോട്ടങ്ങളുടെയും കൃഷിയിടങ്ങളു ടെയും അടിക്കാടുകൾ വെട്ടിത്തെളിക്കുന്നതുമൊക്കെ ഇത്തരത്തിൽ കൈക്കൊള്ളാവുന്ന നടപടികളാണ്.
16. നാട്ടിലുള്ള കാട്ടുപന്നികളുടെ എണ്ണം തിട്ടപ്പെടുത്തുന്നത് ഇവയുടെ ശാസ്ത്രീയമായ നിയന്ത്രണം ഉറപ്പാക്കുന്നതിന് ആവശ്യമാണ്.
17. അതിനാൽ കാട്ടുപന്നികളുടെ എണ്ണം തിട്ടപ്പെടുത്തുന്ന തിനായുള്ള ശ്രമങ്ങൾ വനംവകുപ്പും പഞ്ചായത്തുകളും ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മറ്റികളും ചേർന്ന് ആരംഭിക്കുകയാണ്.

കാട്ടുപന്നികളെ വെടിവെക്കുന്നതിനായി നിയോഗിക്കാവുന്ന അംഗീകൃത ഷൂട്ടർമാരുടെ പുതുക്കിയ ലിസ്റ്റിനായി ഇവിടെ സ്കാൻ ചെയ്യൂ.

തിരുവനന്തപുരം വനം ആസ്ഥാനത്തെ
സ്റ്റേറ്റ് ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻസ് സെന്റർ
24x7
**91884 07510, 91884 07511**

ഒരു ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരണം

## ഫോറസ്റ്റ് ഡിവിഷൻ എമർജൻസി ഓപ്പറേഷൻ സെന്ററുകളുടെ ഫോൺ നമ്പരുകൾ

| | ഫോറസ്റ്റ് ഡിവിഷൻ എമർജൻസി ഓപ്പറേഷൻ സെന്റർ | ജില്ല | മൊബൈൽ നമ്പർ |
|---|---|---|---|
| 1. | തിരുവനന്തപുരം | തിരുവനന്തപുരം | 91884 07517 |
| 2. | തിരുവനന്തപുരം വൈൽഡ്‌ലൈഫ് | തിരുവനന്തപുരം | 91884 07519 |
| 3. | അച്ചൻകോവിൽ | കൊല്ലം | 91884 07512 |
| 4. | പുനലൂർ | കൊല്ലം | 91884 07514 |
| 5. | തെന്മല | കൊല്ലം | 91884 07516 |
| 6. | ശെന്തുരുണി വൈൽഡ്‌ലൈഫ് | കൊല്ലം | 91884 07518 |
| 7. | റാന്നി | പത്തനംതിട്ട | 91884 07515 |
| 8. | കോന്നി | പത്തനംതിട്ട | 91884 07513 |
| 9. | ഇടുക്കി വൈൽഡ്‌ലൈഫ് | ഇടുക്കി | 91884 07520 |
| 10. | ഇരവികുളം നാഷണൽ പാർക്ക് | ഇടുക്കി | 91884 07521 |
| 11. | പെരിയാർ (ഈസ്റ്റ്), കുമളി | ഇടുക്കി | 91884 07522 |
| 12. | പെരിയാർ (വെസ്റ്റ്), പീരുമേട് | ഇടുക്കി | 91884 07523 |
| 13. | മാങ്കുളം | ഇടുക്കി | 91884 07526 |
| 14. | മറയൂർ | ഇടുക്കി | 91884 07527 |
| 15. | മൂന്നാർ | ഇടുക്കി | 91884 07528 |
| 16. | കോട്ടയം | കോട്ടയം | 91884 07525 |
| 17. | കോതമംഗലം | എറണാകുളം | 91884 07524 |
| 18. | മലയാറ്റൂർ | എറണാകുളം | 91884 07530 |
| 19. | ചാലക്കുടി | തൃശ്ശൂർ | 91884 07529 |
| 20. | തൃശ്ശൂർ | തൃശ്ശൂർ | 91884 07531 |
| 21. | വാഴച്ചാൽ | തൃശ്ശൂർ | 91884 07532 |
| 22. | പീച്ചി വൈൽഡ്‌ലൈഫ് | തൃശ്ശൂർ | 91884 07533 |
| 23. | മണ്ണാർക്കാട് | പാലക്കാട് | 91884 07534 |
| 24. | നെന്മാറ | പാലക്കാട് | 91884 07535 |
| 25. | പാലക്കാട് | പാലക്കാട് | 91884 07538 |
| 26. | പറമ്പിക്കുളം ടൈഗർ റിസർവ്വ് | പാലക്കാട് | 91884 07539 |
| 27. | സൈലന്റ് വാലി നാഷണൽ പാർക്ക് | പാലക്കാട് | 91884 07540 |
| 28. | നിലമ്പൂർ നോർത്ത് | മലപ്പുറം | 91884 07536 |
| 29. | നിലമ്പൂർ സൗത്ത് | മലപ്പുറം | 91884 07537 |
| 30. | കോഴിക്കോട് | കോഴിക്കോട് | 91884 07543 |
| 31. | വയനാട് (നോർത്ത്) മാനന്തവാടി | വയനാട് | 91884 07544 |
| 32. | വയനാട് (സൗത്ത്) | വയനാട് | 91884 07545 |
| 33. | വയനാട് വൈൽഡ്‌ലൈഫ് | വയനാട് | 91884 07547 |
| 34. | കണ്ണൂർ | കണ്ണൂർ | 91884 07541 |
| 35. | ആറളം വൈൽഡ്‌ലൈഫ് | കണ്ണൂർ | 91884 07546 |
| 36. | കാസർഗോഡ് | കാസർഗോഡ് | 91884 07542 |

കേരള വനം വകുപ്പ്



# കാട്ടുപന്നി സംഘർഷം
# അറിയേണ്ടതെല്ലാം

കാട്ടുപന്നി (*Sus scrofa*) കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിന്റെ ഷെഡ്യൂൾ II ൽ ഉൾപ്പെടുന്ന വന്യജീവിയാണ്.

1. കാടിന് പുറത്ത്, കൃഷിനാശവും മനുഷ്യർക്ക് അപകടമുണ്ടാക്കുന്നതും ഉൾപ്പെടെയുള്ള കാട്ടുപന്നി സംഘർഷം കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്.
2. വന്യജീവി സംരക്ഷണ നിയമത്തിന്റെ 11 (1) (b) വകുപ്പ് പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡനോ അധികാരപ്പെട്ട മറ്റൊരു ഓഫീസർക്കോ, ജനവാസ മേഖലയിലിറങ്ങി മനുഷ്യജീവനോ സ്വത്തിനോ ഭീഷണിയാവുന്ന കാട്ടുപന്നികളെ വെടിവച്ചു കൊല്ലുന്നതിനായി ഉത്തരവ് നൽകാവുന്നതാണ്.
3. പഞ്ചായത്ത് പ്രസിഡന്റ്, മുനിസിപ്പൽ ചെയർപേഴ്സൺ, കോർപറേഷൻ മേയർ എന്നിവരെ വന്യജീവി സംരക്ഷണ നിയമത്തിന്റെ 4 (1) (b) വകുപ്പ് പ്രകാരം ഓണററി വൈൽഡ് ലൈഫ് വാർഡൻമാരായി നിയോഗിച്ചിട്ടുണ്ട്. (GO(Rt) 239/2022/F&WLD) dated 31.05.2022)
4. മേൽപ്പറഞ്ഞ ഉത്തരവ് പ്രകാരം പഞ്ചായത്ത്, മുൻസിപ്പൽ, കോർപറേഷൻ സെക്രട്ടറിമാരെ വന്യജീവി സംരക്ഷണ നിയമത്തിന്റെ 4 (1) (C) വകുപ്പ് പ്രകാരം അധികാരപ്പെട്ട ഓഫീസർമാരായും നിയോഗിച്ചിട്ടുണ്ട്.
5. 28.05.2022 തീയതിയിലെ GO(MS)No.29/2022/F&WLD സർക്കാർ ഉത്തരവ് പ്രകാരം ഓണററി വൈൽഡ് ലൈഫ് വാർഡൻമാർക്കും അധികാരപ്പെട്ട ഓഫീസർമാർക്കും കാടിനു പുറത്ത് ജനവാസ കേന്ദ്രങ്ങളിൽ നാശനഷ്ടങ്ങളുണ്ടാക്കുന്ന കാട്ടുപന്നികളെ, കാരണങ്ങൾ രേഖപ്പെടുത്തി, കൊല്ലുന്നതിനായുള്ള ഉത്തരവ് നൽകാൻ അധികാരമുണ്ട്. ഇതേ ഉത്തരവിൽ, നാശനഷ്ടമുണ്ടാക്കുന്ന കാട്ടുപന്നികളെ നിയമാനുസൃതം നശിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങളും നിർദേശിച്ചിട്ടുണ്ട്.
6. ഇതിനായി ചീഫ് വൈൽഡ് ലൈഫ് വാർഡൻ വന്യജീവി സംരക്ഷണ നിയമത്തിന്റെ 11 (1) (b) വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. (Order No-KFDHQ/3331/2021-CWW/WL11 dated 31.05.2022)
7. കാട്ടുപന്നികളെ വെടിവെക്കുന്നതിനായി നിയോഗിക്കാവുന്ന അംഗീകൃത ഷൂട്ടർമാരുടെ പുതുക്കിയ ലിസ്റ്റ് നിലവിലുണ്ട്.
8. ഈ ലിസ്റ്റ് എല്ലാ പഞ്ചായത്തുകൾക്കും നൽകിയിട്ടുള്ളതും, വനം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുള്ളതുമാണ്. (Link: www.forest.kerala.gov.in)
9. മനുഷ്യ-വന്യജീവി സംഘർഷം, സംസ്ഥാന സവിശേഷ ദുരന്തമായി (State specific disaster) പ്രഖ്യാപിച്ചിട്ടുണ്ട്. (GO(MS) 4/2024/DMD dated 07.03.2024)
10. കാട്ടുപന്നിയെ കൊല്ലുന്നതിനായി ചുമതലപ്പെടുത്തിയ ലൈസൻസ് ഉള്ള ഷൂട്ടർക്ക്, ഓരോ കാട്ടുപന്നിക്കും 1500 രൂപ വീതവും, ജഡം മറവു ചെയ്യുന്നതിന് 2000 രൂപ വീതവും നൽകാവുന്നതും, ഇതിലേയ്ക്ക് ദുരന്ത നിവാരണ ഫണ്ടിൽ നിന്നും, ഒരു സാമ്പത്തികവർഷം പരമാവധി ഒരു ലക്ഷം രൂപ വരെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും അനുവദിക്കാവുന്നതുമാണ്. (GO (Rt.) No.108/2025/DMD dated 06.03.2025)
11. മേൽ രീതിയിൽ അല്ലാതെ കാട്ടുപന്നിയെ കൊല്ലുന്നതും, അതിന്റെ മാംസം ഉപയോഗിക്കുന്നതും കേന്ദ്ര വന്യജീവി സംരക്ഷണ നിയമപ്രകാരം മൂന്നു വർഷം വരെ തടവോ ഒരു ലക്ഷം രൂപ വരെ പിഴയോ രണ്ടും കൂടിയ ശിക്ഷയോ ലഭിക്കാവുന്ന കുറ്റമാണ്.
12. നാട്ടിലിറങ്ങുന്ന/നാട്ടിലുള്ള കാട്ടുപന്നികളെ സംഘർഷ ലഘൂകരണത്തിന്റെ ഭാഗമായി കൊല്ലുമ്പോൾ ഇനി പറയുന്ന കാര്യങ്ങളാണ് ശ്രദ്ധിക്കേണ്ടത് :
    i. മനുഷ്യജീവനും, സ്വത്തിനും, വളർത്തു മൃഗങ്ങൾക്കും, ഇതര വന്യജീവികൾക്കും നാശനഷ്ടങ്ങളോ അപകടമോ ഉണ്ടാവുന്നില്ലായെന്ന് ഉറപ്പാക്കണം
    ii. കൊല്ലുന്നതിനായി വിഷം, കെണി, സ്ഫോടകവസ്തു, വൈദ്യുത ഷോക്കേൽപ്പിക്കൽ തുടങ്ങിയ മാർഗ്ഗങ്ങൾ ഉപയോഗിക്കാൻ പാടില്ല. ഇത് മനുഷ്യർക്കും അപകടം ഉണ്ടാക്കുന്നതാണ്.
    iii. കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിന്റെ ഷെഡ്യൂൾ II ൽ ഉൾപ്പെട്ടിട്ടുള്ള കാട്ടുപന്നിയുടെ ജഡം ശാസ്ത്രീയമായി സംസ്കരിക്കേണ്ടതും അത് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതുമാണ്. 2023 ൽ കേന്ദ്രസർക്കാർ പുറപ്പെടുവിച്ച വന്യജീവി ആർട്ടിക്കിൾ ഡിസ്പോസൽ ചട്ടമനുസരിച്ച് ഇപ്രകാരം കൊല്ലപ്പെടുന്ന കാട്ടുപന്നികളുടെ മാംസം കത്തിച്ച് കളയേണ്ടതാണ്.
    iv. കൊല്ലപ്പെട്ട കാട്ടുപന്നിയുടെയും സംസ്കരിക്കപ്പെടുന്ന ജഡങ്ങളുടെയും വിവരങ്ങൾ അതാതു തദ്ദേശ സ്ഥാപനത്തിൽ, ആയതിനായി തയ്യാറാക്കിയ രജിസ്റ്ററിൽ യഥാവിധി എഴുതി സൂക്ഷിക്കേണ്ടതും, ഓരോ മാസത്തേയും വിവരങ്ങൾ തൊട്ടടുത്ത ഫോറസ്റ്റ് റേഞ്ച് ഓഫീസിൽ അറിയിക്കേണ്ടതുമാണ്
    v. കാട്ടുപന്നികളെ കൊല്ലുന്നതിനും ജഡം സംസ്കരിക്കുന്നതിനും ജനജാഗ്രതാ സമിതിയുടെ സേവനം ആവശ്യമെങ്കിൽ ഉപയോഗപ്പെടുത്താവുന്നതാണ്. (28.05.2022 ലെ GO(MS)No.29/2022/F&WLD സർക്കാർ ഉത്തരവും നിലവിലുള്ള മറ്റ് നടപടിക്രമങ്ങളും)
13. മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണം ലക്ഷ്യമിട്ട് GO(Rt.) No.8/2025/F&WLD ആയി സർക്കാർ പത്ത് വിവിധോന്മുഖ പരിഹാര പദ്ധതികൾ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. 'മിഷൻ വൈൽഡ് പിഗ്' എന്നത് ഇതിൽ ഒരു സുപ്രധാന ദൗത്യമാണ്. ഇതിലേക്കായി സംസ്ഥാന വനംവകുപ്പും, ദുരന്ത നിവാരണ വകുപ്പും, തദ്ദേശ സ്വയംഭരണവകുപ്പും, സംസ്ഥാന ജൈവവൈവിധ്യ ബോർഡും മറ്റു ബന്ധപ്പെട്ട വകുപ്പുകളും ചേർന്ന് പ്രവർത്തിച്ചു വരുകയാണ്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ ജില്ലാതല ഓഫീസർമാരും, പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി/മെമ്പർമാരും മറ്റ് ജനപ്രതിനിധികളും വനം വകുപ്പുദ്യോഗസ്ഥരും ചേർന്നു പ്രവർത്തിക്കുന്നതിലൂടെ കാട്ടുപന്നികൾ മുഖേനയുള്ള നാശനഷ്ടം വലിയൊരു അളവ് വരെ കുറയ്ക്കാൻ സാധിക്കും.
14. കാട്ടുപന്നികൾ നാട്ടിലേക്കിറങ്ങുന്നതിനും, നാട്ടിൽത്തന്നെ പെറ്റുപെരുകുന്നതിനും വിവിധ കാരണങ്ങൾ ഉണ്ടാവും. അതറിയാനും പരിഹരിക്കാനുമുള്ള ശ്രമങ്ങളും തദ്ദേശ സ്വയംഭരണ